ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം

40 (48) ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽവന്നപ്പോൾ സംസ്ഥാനത്ത് എത്ര ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ജോലിയെടുക്കു ന്നുണ്ടായിരുന്നു ;

(ബി) ഇപ്പോൾ പ്രസ്തുത വിഭാഗത്തിൽ സംസ്ഥാനത്ത് എത്രപേർ ജോലി ചെയ്യുന്നുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ ഇവിടെനിന്നും കേന്ദ്രസർവീസിലേക്ക് പോയതുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയവർ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	ഐ.എ.എസ്.	-	100
	ഐ.പി.എസ്.	-	104
	ഐ.എഫ്.എസ്.	-	72
(ബി)	ഐ.എ.എസ്.	-	104
	ഐ.പി.എസ്.	-	85
	ഐ.എഫ്.എസ്.	-	70

(സി) പ്രസ്തുത കാലയളവിൽ കേന്ദ്രസർവ്വീസിലേക്ക് പോയവർ

ഐ.എ.എസ്.	-	46
ഐ.പി.എസ്.	-	24
ഐ.എഫ്.എസ്.	-	17

മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയവർ

ഐ.എ.എസ്.	-	2
ഐ.എഫ്.എസ്.	-	2

പഞ്ചിംഗ് സമ്പ്രദായം

41 (49) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗ് സമ്പ്രദായത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സംവിധാനം ഫലപ്രദമാണെന്ന് ബോധ്യമായിട്ടുണ്ടോ ;

(സി) എങ്കിൽ മറ്റേതെല്ലാം ഓഫീസുകളിൽ പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ട് ; ഇനി എവിടെയെല്ലാം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചിംഗ് സംവിധാനം പ്രധാനപ്പെട്ട എല്ലാ ഓഫീസുകളിലും ഏർപ്പെടുത്താൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പഞ്ചിംഗ് സമ്പ്രദായത്തിന്റെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

(സി) എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയതിനുശേഷം മറ്റ് ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം

42 (50) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടെന്ന് വകുപ്പും തസ്തികയും സഹിതം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത തസ്തികകളിൽ പി.എസ്.സി.-ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) 2011 മാർച്ച് 31-ന് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്ന് എത്ര ജീവനക്കാർ വിരമിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാലതാമസം ഒഴിവാക്കി ഒഴിവുകളിൽ നിയമനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. അപേക്ഷാ നടപടികൾ ഓൺലൈനാക്കിയതുമൂലം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

43 (52) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-ക്ക് ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളെല്ലാം ഓൺലൈൻ മുഖേനയാക്കിക്കൊണ്ട് എടുത്ത തീരുമാനവും അതുമൂലം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly